812

# സമഗ്ര ശിക്ഷ, കേരളം.

## വാർഷിക മൂല്യനിർണയം-2019

## അടിസ്ഥാനപാഠാവലി

A

സ്റ്റാന്റേർഡ് VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചുമനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**
**(4x1=4)**

1. "എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടിമൂടുക.!"
ഒരു സിംഹിയെപ്പോലെ തന്റേടത്തോടു കൂടി റാഹേൽ പറഞ്ഞു.
– റാഹേലിന്റെ ഈ വാക്കുകളിൽ പ്രകടമാകുന്ന ഭാവം ഏത്?

- പ്രതികാരം
- പ്രതിഷേധം
- നിർവികാരത
- ആജ്ഞ

2. വന്ദിച്ചേൻ - ഞാൻ വന്ദിച്ചു.
മുകളിൽ കൊടുത്തതുപോലെ മാറ്റിയെഴുതാൻ സാധിക്കാത്ത പദം ഏത്?

- ചൊന്നേൻ
- കണ്ടാർ
- തണ്ടാർ
- ചെയ്താൾ

3. 'രണ്ടുപണം കിട്ടുമെന്നു കേട്ടാലവർ
മണ്ടും പതിനെട്ടുകാതമെന്നാകിലും'
– ഈ വരികളുടെ ആശയവുമായി യോജിക്കാത്ത പ്രസ്താവനയേത്?

- രണ്ടു പണമായാലും അവർക്ക് വിലപ്പെട്ടതാണ്.
- രണ്ടു പണം സ്വന്തമാക്കാൻ അവർ എത്ര ദൂരവും സഞ്ചരിക്കും.
- പണത്തോട് ആർത്തിയുള്ളവർ ഒന്നിനും മടിക്കില്ല.
- പതിനെട്ടുകാതം നടക്കലാണ് രണ്ടു പണം നേടുന്നതിനെക്കാൾ നല്ലത്.

4. "ഈ ലോകത്തിലെ <u>സുഖവും സൗഭാഗ്യവും</u> ആവോളം ആസ്വദിച്ചോളൂ."
- അടിവരയിട്ട പദങ്ങളെ ഒറ്റപ്പദമാക്കുമ്പോഴുള്ള ശരിയായ രൂപമേത്?

- സുഖസൗഭാഗ്യങ്ങൾ
- സുഖത്തിൻസൗഭാഗ്യം
- സൗഭാഗ്യസുഖം
- സുഖമേകുംസൗഭാഗ്യം

**5 മുതൽ 9 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**(4x2=8)**

5. 'പുഴയുടെ ചോര കക്കിയ ജഡം പോലെ അവിടവിടെ കലക്കുവെള്ളം തങ്ങി നിന്നിരുന്നു.'

**(രണ്ടു മത്സ്യങ്ങൾ)**

- ഈ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നതെന്ത്? രണ്ടു സൂചനകൾ എഴുതുക.

6. 'രണ്ടു മഴവില്ലുകൾക്കുടമസ്ഥയായി ഞാൻ'
- രണ്ടു മഴവില്ലുകൾ എന്ന പ്രയോഗം വ്യക്തമാക്കുന്നതെന്തെല്ലാം?

7. 'എന്തിന്നു പൂക്കളം? എന്തിലും മീതെയാ-
ണമ്മുഖം സ്നേഹമായുജ്ജ്വലിക്കെ'
- കവയിത്രി പൂക്കളത്തെക്കാൾ വിലമതിക്കുന്നതേതിനെയാണ്? എന്തുകൊണ്ട്?

8. വാഴപ്പോള - <u>വാഴ</u>, <u>പോള</u> .
സമാനരീതിയിൽ താഴെക്കൊടുത്ത പദങ്ങൾ മാറ്റിയെഴുതുക.

ചിരിയടക്കി - ______ , ______ .

കന്മതിൽ - ______ , ______ .

9. അർഥവ്യത്യാസംവരാതെ രണ്ടുവാക്യങ്ങളാക്കുക.

മഴബന്ധു വിരുന്നുവരുമ്പോൾ ചാരുകസേരയെടുത്ത് മുൻവശവരാന്തയിലിട്ട് ഞാനും മഴയും മുഖാമുഖം നോക്കിക്കൊണ്ടിരുന്നു.

**10 മുതൽ 14 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**(4x4=16)**

**(അരപ്പുറം)**

10. 'എന്നാലും മഴ എന്റെ ബന്ധുവാണ്. കൈകോർത്ത് നടന്നിട്ടില്ല ഞങ്ങളെങ്കിലും ഒപ്പിയെടുത്താലെന്നപോലെ എന്നെ നന്നായറിയാം മഴയ്ക്ക്.'
ബന്ധുക്കളുടെ വന്നു പോകലുകളെക്കാൾ മഴബന്ധുവിന്റെ വിരുന്നു വരവിനെ ഇഷ്ടപ്പെട്ടിരുന്ന ഒരു കുട്ടി 'നനയാത്തമഴ'യിലുണ്ടോ? വിശദമാക്കുക.

exam WiNNER

11. ‘ഉണ്മയുണ്മയിൽ ചേർന്നാൽ
ഇമ്മിണി വലുതായി-
ട്ടൊന്നുളവാകും; താങ്ക-
ളോരുമീയദ്വൈതത്താൽ’

‘അദ്വൈത’ത്തെക്കുറിച്ച് ബഷീറിനുള്ള കാഴ്ചപ്പാട് വ്യക്തമാക്കാൻ കവി നൽകുന്ന ഉദാഹരണങ്ങൾ വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

12. ‘പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ
ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം’

**കുഞ്ചൻ നമ്പ്യാർ**

‘അർഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിന്നൊരുകാലം’

**പൂന്താനം**

തന്നിരിക്കുന്ന വരികൾ ഇന്നും പ്രസക്തമാണോ? എന്തുകൊണ്ട്? കൂടുതൽ കാവ്യസന്ദർഭങ്ങൾ ചൂണ്ടിക്കാട്ടി പ്രതികരണക്കുറിപ്പ് തയാറാക്കുക.

13.
- ‘കല്യാണത്തിന്റെ തീയതി അടുത്തടുത്തു വന്നപ്പോൾ പുതിയ കുപ്പായത്തിന്റെ കാര്യം എന്നെ അലട്ടാൻ തുടങ്ങി.’
- ‘രാവിലെ നേരത്തേ കുളിച്ച് ഞാൻ തയാറായി. പുതിയ ഷർട്ടിട്ടപ്പോൾ എനിക്ക് പരിഭ്രമമൊന്നും തോന്നിയില്ല.’

**(കുപ്പായം)**

– കുട്ടിയുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിൽ കുപ്പായത്തിനുള്ള സ്ഥാനമെന്തായിരുന്നു? നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി കുറിപ്പു തയാറാക്കുക.

14. വനഗായകൻ : വേല ചെയ്യണം ........വിയർക്കണം......
ഞാൻ ജോലി ചെയ്തിട്ടു നിങ്ങൾക്കു ഫലം പറ്റണം! ഓ ......വിദ്യ മനസ്സിലിരിക്കട്ടെ.

* * *

വനഗായകൻ : അഴുക്കിലൂടെ നീന്തിക്കയറണം.
അതു പുരളാതെ സൂക്ഷിക്കണം.

‘തേൻകനി’ എന്ന നാടകത്തിലെ ഈ സന്ദർഭങ്ങൾ പുതുതലമുറയ്ക്കു നൽകുന്ന സന്ദേശമെന്ത്? വ്യക്തമാക്കുക.

**15,16 ചോദ്യങ്ങളിൽ ഒന്നിനുമാത്രം ഉത്തരമെഴുതുക.(ഒരു പുറം) (1x6=6)**

15. • അമ്മ പറഞ്ഞു: “എടാ ആ ഷർട്ട് മാറ്റിയിട്, നാലത്തത് മതിയല്ലോ മടക്കത്തിന്.” ഞാനതു കേട്ട ഭാവം നടിച്ചില്ല. ഞാൻ എന്റെ വരയൻകുപ്പായവും സദ്യക്കു ശേഷം കിട്ടിയ ചെറുനാരങ്ങയുമായി അമ്മയുടെ പിന്നാലെ നടന്നു.

**(കുപ്പായം)**

• 'എനിക്ക് കുട്ടിക്കാലം ഈ വയസ്സാങ്കാലത്താണല്ലോ എന്നെനിക്കുതന്നെ ചിരി വരുന്നു. ഉപ്പു ചുവയ്ക്കുന്ന ചിരി.'

**(നനയാത്ത മഴ)**

പാഠസന്ദർഭങ്ങളിൽ പ്രതിഫലിക്കുന്ന മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

16. • 'ഭൂമിയിലായിരിക്കുമ്പോൾ ഒരുകീറ് ആകാശവും ആകാശത്തായിരിക്കുമ്പോൾ ഒരു പിടി മണ്ണും മനസ്സിൽ സൂക്ഷിക്കുക.'

**(വേരും തളിരും)**

• 'മനുഷ്യൻ മാത്രം ബാക്കിയാവുന്ന ഒരു സങ്കല്പത്തെയാണോ വികസനം, വികസനം എന്നു വിളിക്കുന്നത്.'

**(രണ്ടു മത്സ്യങ്ങൾ)**

തന്നിരിക്കുന്ന വാക്യങ്ങൾ വിശകലനം ചെയ്ത് 'വികസനസങ്കല്പം എന്റെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

17. **ആസ്വാദനം തയാറാക്കുക. (ഒരു പുറം)** **(1x6=6)**

**<u>പോവല്ലേ പോവല്ലേ പൊന്നോണമേ!</u>**

വർഷം കഴിഞ്ഞൂ,കൊയ്ത്തു തീർന്നൂ
കർഷകരെല്ലാരും ഹർഷമാർന്നൂ;
സസ്യലതാദികൾ സൽഫലത്താ-
ലുത്സവം കണ്ണിന്നരുളിയാർക്കും;
കാർമുകിൽമാല മറഞ്ഞുവാനം
ശ്യാമളകോമളമാകമാനം;
ഓരോരോ രാവും കുളുർമയേന്തും
ഓണനിലാവിനാലോളം തല്ലും!
'അത്ത'മടുത്തുപോയ്,ബാലകന്മാ-
രത്തലെന്നുള്ളതറിയാതായീ;
മെത്തിന കൗതുകാൽകൂട്ടരുമാ-
യെത്തുന്നു പൂങ്കാവിൽ പൂവിറുക്കാൻ
ഓമനക്കുഞ്ഞുങ്ങളൊത്തുകൂടി
ഓണപ്പാട്ടോരോന്നു പാടിപ്പാടി,
തൂമലർതേടി നടക്കുന്നേരം
കോൾമയിർ ഭൂവിന്നും കൊള്ളുംപാരം.
*     *     *     *     *     *
പോവല്ലേ, പോവല്ലേ പൊന്നോണമേ!
പൂവല്ലേ ഞാനിട്ടു പൂജിക്കുന്നു!

**ഇടപ്പള്ളി രാഘവൻപിള്ള**

| |
|---|
| മെത്തിന- വർധിച്ച<br>അത്തൽ-ദുഃഖം |